**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1176** **12-02-2025 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് റോഡുകളിൽ കേബിളുകൾ, പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനുള്ള സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകൾ ഉന്നത നിലവാരത്തിൽ ടാറിങ് പൂർത്തിയാക്കിയാലുടൻ വാട്ടർ അതോറിറ്റിയുടെ ജലവിതരണക്കുഴലുകൾ സ്ഥാപിക്കുന്നതിനും വിവിധങ്ങളായ കേബിളുകൾ സ്ഥാപിക്കുന്നതിനും വെട്ടിപ്പൊളിക്കുന്നതു കാരണം കാലാവധിക്കു മുൻപ് റോഡുകളിൽ ഗർത്തങ്ങൾ രൂപപ്പെടുന്നതും റോഡുകൾ മോശമാവുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രശ്നം സ്ഥിരമായി പരിഹരിക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ; വിശദമാക്കുമോ ; | (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് റോഡുകൾ വിവിധ ആവശ്യങ്ങൾക്കായി വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കുന്നതിനും വെട്ടിപ്പൊളിച്ചാൽത്തന്നെ ആയത് ഉടനടി പുന:സ്ഥാപിക്കുന്നതിനുമായി പൊതുമരാമത്ത് വകുപ്പ് വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജലഅതോറിറ്റി പൈപ്പുകൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് റോഡുകൾ കുഴിക്കുന്നതും പുന:സ്ഥാപിക്കുന്നതും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ G.O.(Ms) No. 11/2023/PWD Dated: 14.02.2023, 46/2O23/PWD Dated 02.08.2023, 986/2021/PWD dated 09.11.2021 & 46/2023/PWD dated 14.09.2023 പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ പൊതുമരാമത്ത് റോഡുകളിലൂടെ മറ്റു ഏജൻസികളുടെ യൂട്ടിലിറ്റികൾ സ്ഥാപിക്കുന്നതിന് അപേക്ഷിക്കുന്നതും, അനുമതി ലഭ്യമാക്കുന്നതും റൈറ്റ് ഓഫ് വേ (RoW) എന്ന ഓൺലൈൻ സംവിധാനം വഴിയാണ്. ഈ പോർട്ടലിൽ വകുപ്പിനു കീഴിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള ക്രമീകരിക്കേണ്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രസിദ്ധപ്പെടുത്തുക വഴി മറ്റ് വകുപ്പുകൾക്ക് ആവശ്യം വേണ്ടുന്ന മുന്നൊരുക്കം നടത്തുവാനും റോഡ് കുഴിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി ക്രമീകരിക്കുന്നതിനും സാധിക്കുന്നതാണ്.<br><br>ഇത്തരത്തിൽ ഓൺലൈനായി ലഭ്യമാകുന്ന അപേക്ഷകളും, നൽകി വരുന്ന അനുമതികളും സമയബന്ധിതമായി വിലയിരുത്തുകയും നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപ് തന്നെ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപിച്ച് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നത് വഴി നിലവിൽ പൊതുമരാമത്ത് റോഡുകൾ വെട്ടിപ്പൊളിക്കുന്നതുമായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട് ഉണ്ടാകുന്ന പ്രശ്നങ്ങൾ വലിയ ഒരു അളവു വരെ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്.<br><br>മറ്റ് ഏജൻസികളുടെ പദ്ധതികളും പൊതുമരാമത്ത് റോഡുകളുടെ പരിപാലനവും ഏകോപിപ്പിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി കൺവീനറായും ജോയിൻറ് സെക്രട്ടറിയും വിവിധ വിഭാഗങ്ങളിലെ ചീഫ് എഞ്ചിനീയർമാരും ജലസേചന വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും അംഗങ്ങളായും സ്ഥിര സമിതി രൂപീകരിച്ചുകൊണ്ട് G.o.(Rt) No.20/2022/PWD Dated: 07.01.2022 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ/ ഏജൻസികൾ എന്നിവയുമായുള്ള ഏകോപനം സാധ്യമാക്കുന്നതിനായി ജില്ലാതല ഇൻഫ്രാസ്ട്രക്ച്ചർ കോ-ഓർഡിനേഷൻ കമ്മിറ്റി, റോഡ് പൂർവ സ്ഥിതിയിലാക്കുന്നതിന്റെ പുരോഗതി ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ എല്ലാ മാസവും നടത്തുന്ന DICC മീറ്റിംഗുകളിൽ വിലയിരുത്തി വരുന്നു. കൂടാതെ വിവിധ ഏജൻസികളുടെ പ്രവർത്തികൾക്കായി റോഡുകൾ കുഴിക്കേണ്ടി വരുന്ന വേളയിൽ അവ റീസ്റ്റോർ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി വിവിധ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുമുണ്ട്.<br><br>കെ.ആർ.എഫ്.ബി - പി.എം.യു വിന്റെ അധീനതയിലുള്ള പ്രവർത്തികളിൽ കിഫ്ബി മാനദണ്ഡ പ്രകാരം നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിന് മുമ്പ് തന്നെ നിലവിലെ റോഡിലെ KSEB, KWA utility കൾ മാറ്റി സ്ഥാപിക്കുന്നതിന് അതാത് വകുപ്പുകളുമായി കൂടിയാലോചിച്ച് വിശദമായ എസ്റ്റിമേറ്റ് വാങ്ങി scrutinize ചെയ്ത് കിഫ്ബിയുടെ അംഗീകാരം വാങ്ങി റോഡ് നിർമ്മാണ വേളയിൽ റോഡിൻറെ ഇരുവശങ്ങളിലേക്ക് മാറ്റി സ്ഥാപിച്ചാണ് പ്രവർത്തികൾ ചെയ്യുന്നത്. |
| (ബി) | ഉന്നത നിലവാരത്തിൽ ടാറിങ് പൂർത്തിയാക്കിയ റോഡുകൾ ഉടനെ കുഴിക്കാതെ റോഡുകളോട് ചേർന്ന് പ്രത്യേക ഡക്ടുകൾ ഉണ്ടാക്കി കേബിളുകളും പൈപ്പുകളും അതിലൂടെ സ്ഥാപിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ; | (ബി) | ഡിസൈൻ ചെയ്ത് നടപ്പാക്കുന്ന റോഡുകളിൽ ഡക്ട് നിർമ്മിക്കുന്നതിന് നിർദ്ദേശിക്കാറുണ്ട്. സ്ഥല ലഭ്യത, ഫണ്ട് ലഭ്യത എന്നിവ കണക്കിലെടുത്ത് പ്രസ്തുത റോഡുകളിൽ Utility Duct നിർമ്മിക്കാവുന്നതാണ്.<br><br>കെ.ആർ.എഫ്.ബി - പി.എം.യു വിന്റെ റോഡിന് കുറുകെ നിശ്ചിത ഇടവേളകളിൽ utitlity duct സ്ഥാപിക്കുന്നതിനാൽ ഭാവിയിൽ മറ്റു വകുപ്പുകളുടെ utility കൾ സ്ഥാപിക്കുന്നതിന് വേണ്ടി tar road cut ചെയ്യുന്നത് ഒഴിവാക്കാൻ കഴിയുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇക്കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകളോട് കൂടിയാലോചിച്ച് ഏകോപനമുണ്ടാക്കി അവരുടെ പദ്ധതികൾ ഉണ്ടെങ്കിൽ അവ പൂർത്തീകരിക്കുന്നതിന് സമയം നല്കിയതിനുശേഷം റോഡ് നവീകരണ പ്രവർത്തികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്ത് പൊതുമരാമത്ത് റോഡുകൾ വിവിധ ആവശ്യങ്ങൾക്കായി വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കുന്നതിനും വെട്ടിപ്പൊളിച്ചാൽത്തന്നെ ആയത് ഉടനടി പുന:സ്ഥാപിക്കുന്നതിനുമായി പൊതുമരാമത്ത് വകുപ്പ് വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജലഅതോറിറ്റി പൈപ്പുകൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് റോഡുകൾ കുഴിക്കുന്നതും പുന:സ്ഥാപിക്കുന്നതും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ G.O.(Ms) No. 11/2023/PWD Dated: 14.02.2023, 46/2O23/PWD Dated 02.08.2023, 986/2021/PWD dated 09.11.2021 & 46/2023/PWD dated 14.09.2023 പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ പൊതുമരാമത്ത് റോഡുകളിലൂടെ മറ്റു ഏജൻസികളുടെ യൂട്ടിലിറ്റികൾ സ്ഥാപിക്കുന്നതിന് അപേക്ഷിക്കുന്നതും, അനുമതി ലഭ്യമാക്കുന്നതും റൈറ്റ് ഓഫ് വേ (RoW) എന്ന ഓൺലൈൻ സംവിധാനം വഴിയാണ്. ഈ പോർട്ടലിൽ വകുപ്പിനു കീഴിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള ക്രമീകരിക്കേണ്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രസിദ്ധപ്പെടുത്തുക വഴി മറ്റ് വകുപ്പുകൾക്ക് ആവശ്യം വേണ്ടുന്ന മുന്നൊരുക്കം നടത്തുവാനും റോഡ് കുഴിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി ക്രമീകരിക്കുന്നതിനും സാധിക്കുന്നതാണ്.<br><br>ഇത്തരത്തിൽ ഓൺലൈനായി ലഭ്യമാകുന്ന അപേക്ഷകളും, നൽകി വരുന്ന അനുമതികളും സമയബന്ധിതമായി വിലയിരുത്തുകയും നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപ് തന്നെ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപിച്ച് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നത് വഴി നിലവിൽ പൊതുമരാമത്ത് റോഡുകൾ വെട്ടിപ്പൊളിക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പ്രശ്നങ്ങൾ വലിയ ഒരു അളവു വരെ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്.<br><br>മറ്റ് ഏജൻസികളുടെ പദ്ധതികളും പൊതുമരാമത്ത് റോഡുകളുടെ പരിപാലനവും ഏകോപിപ്പിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി കൺവീനറായും ജോയിൻറ് സെക്രട്ടറിയും വിവിധ വിഭാഗങ്ങളിലെ ചീഫ് എഞ്ചിനീയർമാരും ജലസേചന വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും അംഗങ്ങളായും സ്ഥിര സമിതി രൂപീകരിച്ചുകൊണ്ട് G.o.(Rt) No.20/2022/PWD Dated: 07.01.2022 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ/ ഏജൻസികൾ എന്നിവയുമായുള്ള |

| | | | | |
|---|---|---|---|---|
| | | | | ഏകോപനം സാധ്യമാക്കുന്നതിനായി ജില്ലാതല ഇൻഫ്രാസ്ട്രക്ച്ചർ കോ-ഓർഡിനേഷൻ കമ്മിറ്റി, റോഡ് പൂർവ സ്ഥിതിയിലാക്കുന്നതിന്റെ പുരോഗതി ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ എല്ലാ മാസവും നടത്തുന്ന DICC മീറ്റിംഗുകളിൽ വിലയിരുത്തി വരുന്നു. കൂടാതെ വിവിധ ഏജൻസികളുടെ പ്രവർത്തികൾക്കായി റോഡുകൾ കുഴിക്കേണ്ടി വരുന്ന വേളയിൽ അവ റീസ്റ്റോർ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി വിവിധ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുമുണ്ട്.<br><br>കെ.ആർ.എഫ്.ബി - പി.എം.യു വിന്റെ അധീനതയിലുള്ള പ്രവർത്തികളിൽ കിഫ്ബി മാനദണ്ഡ പ്രകാരം നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിന് മുമ്പ് തന്നെ നിലവിലെ റോഡിലെ KSEB, KWA utility കൾ മാറ്റി സ്ഥാപിക്കുന്നതിന് അതാത് വകുപ്പുകളുമായി കൂടിയാലോചിച്ച് വിശദമായ എസ്റ്റിമേറ്റ് വാങ്ങി scrutinize ചെയ്ത് കിഫ്ബിയുടെ അംഗീകാരം വാങ്ങി റോഡ് നിർമ്മാണ വേളയിൽ റോഡിൻറെ ഇരുവശങ്ങളിലേക്ക് മാറ്റി സ്ഥാപിച്ചാണ് പ്രവർത്തികൾ ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ